# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3864** **12/12/2018-ലെ മറുപടി**

## ഡാമുകൾ സംബന്ധിച്ച് കേരളവും തമിഴ്‌നാടും തമ്മിലുള്ള ഏകോപനം

**ചോദ്യം**

ശ്രീ. അടൂർ പ്രകാശ്

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ കാര്യത്തിൽ കേരളവും തമിഴ്‌നാടും തമ്മിലുള്ള ഏകോപനം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ പ്രളയത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾ തന്നെ ആദ്യത്തെ ജാഗ്രതാ നിർദ്ദേശം തമിഴ്നാട് ഉദ്യോഗസ്ഥർ നൽകിയിരുന്നു.

അഡ്വ . റസ്സൽ ജോയ് ഫയൽ ചെയ്ത 878/2017--ാം നമ്പർ പൊതു താല്പര്യ ഹർജിയിലെ MA No. 2219/2018 ലുള്ള 2018 ആഗസ്റ്റ് 16-ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം 2018 ആഗസ്റ്റ് 17-നു കേരള- തമിഴ്നാട് അംഗങ്ങൾ ഉൾപ്പെട്ട മുല്ലപ്പെരിയാർ സബ് കമ്മറ്റിയുടെ അടിയന്തിര യോഗം ചേരുകയുമുണ്ടായി. സബ് കമ്മറ്റിയിൽ തീരുമാനിച്ച പ്രകാരം 2018 ആഗസ്റ്റ് 17-നു മുല്ലപ്പെരിയാറിലെ ജലനിരപ്പ് എറ്റവും കുറഞ്ഞത് 139 അടിയിലേക്കെങ്കിലും താഴ്ത്തിക്കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് വെള്ളം തുറന്നുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ബഹു.സുപ്രീം കോടതി തമിഴ്നാടിനോട് നിർദ്ദേശിച്ചു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ഉപസമിതി യോഗങ്ങൾ തമ്മിലുള്ള ഇടവേളകൾ കുറയ്ക്കുന്നതിനും ശ്രദ്ധിച്ചി

ട്ടുണ്ട്. പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നിവയെത്തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന കേരള—തമിഴ്നാട് അംഗങ്ങൾ ഉൾപ്പെട്ട ജെ.ഡബ്ല്യു.ആർ.ബോർഡ് ഈ മൂന്ന് നദികളിലെയും പ്രളയ നിയന്ത്രണത്തിന് വ്യക്തമായ ഇടപെടലുകൾ വളരെ നേരത്തെ തന്നെ നടത്തിയിട്ടുള്ളതാണ്. ഡാമുകൾ നിറഞ്ഞപ്പോൾ പെരിങ്ങൽകുത്ത് ഡാമിലേയ്ക്കുള്ള ഒഴുക്ക് കുറയ്ക്കുന്നതിനു വേണ്ടി തമിഴ്നാട് ഷോളയാറിൽ നിന്നും കൂടുതൽ വെള്ളം പറമ്പിക്കുളത്തേയ്ക്ക് വിട്ട് തുടർന്ന് പറമ്പിക്കുളത്തു നിന്നും കൂടുതൽ ജലം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചു വിടുന്നതിനും ജെ.ഡബ്ല്യു.ആർ.ഡിവിഷനിൽ നിന്നും തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിലേയ്ക്കുള്ള Release പരമാവധി കുറയ്ക്കുന്നതിന് തമിഴ്നാടിന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതും, അത് പരമാവധി നടപ്പിലാക്കുന്നതിനു തമിഴ്നാട് സഹകരിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമെ പറമ്പിക്കുളത്തു നിന്നും, ആളിയാറിൽ നിന്നും തുറന്നുവിടുന്ന ജലത്തിന്റെ അളവ് 5000 ക്യുസെക്സിൽ താഴെയായി നിജപ്പെടുത്തുന്നതിനു വേണ്ടി operational arrangements ചെയ്യണമെന്നും കേരളം പ്രത്യേകം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ മഴ ശക്തമായ സാഹചര്യത്തിൽ കേരളത്തിലേയ്ക്കുള്ള ഒഴുക്ക് പരമാവധി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തമിഴ്നാടിനോട് ഉദ്യോഗസ്ഥതലത്തിലും ഗവൺമെന്റ് തലത്തിലും ഫോൺ സന്ദേശം മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനോട് തമിഴ്നാട് സഹകരിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**